## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **291** | **20/6/2014** ൽ മറുപടിയ്ക്ക്

# കാർഷികോല്പന്നങ്ങളുടെ ഉല്പാദനചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>,, എളമരം കരീം<br>,, എം. ഹംസ<br>,, രാജു എബ്രഹാം | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ ഉല്പാദന ചെലവിലെ വർദ്ധനയും വിലനില വാരത്തകർച്ചയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ വിപണി വികസനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് വിപണി വികസനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ കീഴിൽ 6 മൊത്ത വ്യാപര വിപണികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ 3 എണ്ണം കാർഷിക നഗര മൊത്ത വ്യാപാര വിപണികളും (തിരുവനന്തപുരത്ത്- ആനയറ, എറണാകുളത്ത് - മരട്, കോഴിക്കോട് - വേങ്ങേരി) ബാക്കി 3 എണ്ണം കാർഷിക ഗ്രാമീണ മൊത്ത വ്യാപാര വിപണികളുമാണ്. (തിരുവനന്തപുരത്ത് - നെടുമങ്ങാട്, എറണാകുളത്ത്-മൂവാറ്റുപുഴ, വയനാട്ടിൽ - സുൽത്താൻബത്തേരി ) കാർഷിക മൊത്ത വ്യാപാര വിപണികളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് കൊണ്ട് വന്ന് വിപണനം നടത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഓരോ വിപണിയുടേയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി, അവർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി തുടങ്ങിയ ഉല്പന്നങ്ങളാണ് വിപണിയിൽ എത്തിച്ച് ലേലം ചെയ്യുന്നത്. മാർക്കറ്റിംഗ് ഉദ്യോഗസ്ഥരും കർഷക പ്രതിനിധികളും അടങ്ങുന്ന ഒരു കമ്മിറ്റി അടിസ്ഥാനവില നിശ്ചയിക്കുന്നതു കൊണ്ട് ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകർ ഒഴിവാകുകയും തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുകയും ചെയ്യുന്നു. സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പ് ലേലത്തിൽ |

പങ്കെടുക്കുന്നതു കൊണ്ട് കച്ചവടക്കാർ ഉല്പന്നങ്ങളുടെ വില താഴ്ത്തുവാനുള്ള സാധ്യത ഒഴിവാകുകയും ലേലത്തിന് ശേഷം അധികം വരുന്ന ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് സംഭരിച്ച് കർഷകർക്ക് അതിനുള്ള വില നൽകുകയും ചെയ്യുന്നു. കർഷകർ ഉല്പന്നങ്ങൾ വിപണികളിൽ കൊണ്ട് വന്ന് ലേലത്തിൽ പങ്കെടുക്കുന്നതിന് വേണ്ടി പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാൻസ്പോർട്ട് സബ്സിഡി കിലോക്ക് ഒരു രൂപ നൽകുന്നു. കൂടാതെ ലേലം നടത്തുന്നതിനുള്ള ചെലവും സർക്കാർ നൽകുന്നു. സംസ്ഥാനത്തെ 6 മൊത്തവ്യാപാര വിപണികൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ , സഞ്ചാരസൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുകയും വിപണിയും പരിസരവും ആകർഷകമാക്കുകയും ചെയ്തു വരുന്നു. കർഷകരുടെ ഉല്പന്നങ്ങൾ സൂക്ഷിക്കുവാൻ വെയർഹൗസ്, കോൾഡ് സ്റ്റോറേജ് എന്നീ സംവിധാനങ്ങളും വിപണികളിൽ ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വിപണികളിൽ വർഷം തോറും കൂടുതൽ കർഷകർ എത്തി ചേർന്ന് തങ്ങളുടെ ഉല്പന്നങ്ങൾ ലേലം ചെയ്ത് ന്യായവില കരസ്ഥമാക്കുന്നു.

ഇതു കൂടാതെ കർഷകരുടെ വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് 5 ജില്ലാസംഭരണ വിപണനകേന്ദ്രം 2011 ൽ ആരംഭിക്കുകയും അത് നല്ല രീതിയിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. കൊല്ലം ജില്ലയിൽ കാളിയൻചന്ത, ആലപ്പുഴ ജില്ലയിൽ കോടൽത്തുരുത്ത്, കോട്ടയം ജില്ലയിൽ കുറുപ്പൻന്തറ, ഇടുക്കി ജില്ലയിൽ തൊടുപുഴ, തൃശ്ശൂർ ജില്ലയിൽ പവറട്ടി എന്നിവടങ്ങളിൽ ജില്ല സംഭരണ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ടി കേന്ദ്രങ്ങളിലും കർഷകരുടെ ഉല്പന്നങ്ങൾ നേരിട്ട് കൊണ്ട് വന്ന് ലേലം നടത്തി ന്യായമായ വില ലഭിക്കുന്നു. കൃഷി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ അടിസ്ഥാനവില നിശ്ചയിക്കുകയും ഹോർട്ടികോർപ്പ് ലേലത്തിൽ പങ്കെടുക്കുകയും

ചെയ്യുന്നത് മൂലം ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകർ ഒഴിവാകുകയും, മിച്ചം വരുന്ന ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് സംഭരിക്കുകയും ചെയ്യുന്നു. പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന്റെ ഫലമായി ടി ജില്ലകളിലെ വിപണനസൗകര്യങ്ങൾ പുരോഗമിച്ചു.

കർഷകർ തങ്ങളുടെ ഉല്പന്നങ്ങൾ വിൽക്കുന്നതിന് മുമ്പായി വിവിധ വിപണികളിലെ ഉല്പന്നങ്ങളുടെ വിലനിലവാരം അറിയുന്നതിനായി സംസ്ഥാനത്തെ പ്രമുഖ 92 മാർക്കറ്റുകളിലെ അന്നന്നുള്ള വിലയും വരവും ശേഖരിച്ച് അതേ ദിവസം തന്നെ അഗ്മാർക്ക് നെറ്റ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നു. ഇതുമൂലം കർഷകർക്ക് സമീപ വിപണികളിലെ ഓരോ ഉല്പന്നത്തിന്റെ വില അറിയുവാനും തങ്ങളുടെ ഉല്പന്നം വിറ്റഴിക്കുന്നതിന് മുമ്പായി അനുയോജ്യമായ തീരുമാനം കൈക്കൊള്ളുവാനും സഹായിക്കുന്നു.

(സി) സംസ്ഥാനത്തെ വിപണികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനുമായി 2007 - 08 വാർഷിക പദ്ധതിയിൽ തുടക്കം കുറിച്ച പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെ ന്താണ്; ഈ പദ്ധതി പ്രകാരം ഇക്കഴിഞ്ഞ വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളതെന്നറിയിക്കാമോ ?

(സി) സംസ്ഥാനത്തെ വിപണികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനുമായി 2007-08 വർഷത്തിൽ മാർക്കറ്റ് വികസന പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ വിപണികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി കൊണ്ട് വിപണികൾ ശക്തിപ്പെടുത്തുന്നതിനായി ആവശ്യമായ പദ്ധതി തയ്യാറാക്കുകയും അത് നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ അനുമതി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ ഇതിന് വേണ്ടി വരുന്ന തുക കണ്ടെത്താൻ സാധിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 6 മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി. കൂടാതെ 2011-12 വർഷത്തിൽ 5 ജില്ലാസംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ടി കേന്ദ്രങ്ങളിൽ കർഷകർ നേരിട്ട് അവരുടെ ഉല്പന്നങ്ങൾ കൊണ്ട് വന്ന് ലേലം

ചെയ്ത് ന്യായവില ലഭിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാരവിപണികൾ വഴിയും 5 ജില്ലാ സംഭരണ വിപണനകേന്ദ്രങ്ങൾ വഴിയും കർഷകർക്ക് മെച്ചപ്പെട്ട വിപണനസാധ്യതകൾ ലഭിക്കുന്നതിനാൽ കർഷകർക്ക് കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് പ്രോത്സാഹനമാകുകയും കൂടുതൽ കർഷകർ തങ്ങളുടെ ഉല്പന്നങ്ങളുമായി ടി സ്ഥാപനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നു. 2013-14 വർഷം വരെ സംസ്ഥാനത്തെ കാർഷിക മൊത്ത വ്യാപാര വിപണികൾ വഴി 22.42 കോടി വിലമതിക്കുന്ന 16987 ടൺ കാർഷിക ഉല്പന്നങ്ങൾ ലേലം ചെയ്തിരുന്നു. 2013-14 വർഷത്തിൽ മാർക്കറ്റ് വികസനപദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

| പദ്ധതിയുടെ പേര് | | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| അഗ്മാർക്ക് നെറ്റ് & മാർക്കറ്റ് ഇന്റലിജൻസ് | : | 30.00 |
| സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളുടെ ശാക്തീകരണം | : | 440.00 |
| സംസ്ഥാനത്തെ 5 ജില്ല സംഭരണ വിപണന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി ഓപ്പറേഷണൽ സപ്പോർട്ട് | : | 10.00 |
| വി.എഫ്.പി.സി.കെ യുടെ മാർക്കറ്റ് വികസനം | : | 618.00 |
| ആകെ | : | 1098.00 ലക്ഷം |

സെക്ഷൻ ഓഫീസർ